(12) പട്ടാമ്പി നിയോജക മണ്ഡലത്തിലെ നെല്ലായ പഞ്ചായത്തിലെ രാധ എന്ന ഹരിജൻ പെൺകുട്ടിയുടെ സംശയാസ്പദമായ മരണം

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പട്ടാമ്പി മണ്ഡലത്തിലെ നെല്ലായ പഞ്ചായത്തിൽ മാരായമംഗലം കയ്യറക്കുന്ന് എന്ന ഹരിജൻ കോളനിയിലെ ചാമിയുടെ മകൾ രാധയുടെ കൊലപാതകത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് വാഴയംകട ഭർത്താവിന്റെ വീട്ടിൽവച്ചാണ് ഈ പെൺകുട്ടി മരണമടഞ്ഞത്. ആ പെൺകുട്ടിയെ വീട്ടിൽ പലപ്പോഴും ഉപദ്രവിക്കുകയും മറ്റും ചെയ്യുമായിരുന്നു. തൂങ്ങിമരിച്ചു എന്നാണ് രാധയുടെ വീട്ടുകാരെ വിവരം അറിയിച്ചത്. വീട്ടുകാരും നാട്ടുകാരും എല്ലാംകൂടി സംഭവസ്ഥലത്ത് എത്തുമ്പോഴേ ഒരു ചെറുചാളയിൽ ഓലപ്പായിൽ ചുരുണ്ടുമടങ്ങി കിടക്കുന്നതാണ് കണ്ടത്. തൂങ്ങിമരിച്ചതായി ആ വീട്ടിലേയോ സമീപപ്രദേശത്തുള്ള ആർക്കെങ്കിലുമോ കാണാനിടയായിട്ടില്ല. തൂങ്ങിമരിച്ചുവെന്നു പറഞ്ഞുകൊണ്ട് ഒരു കൊലപാതകമല്ലാതാക്കി മാറ്റാൻവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുകയാണ്. ഈ കുട്ടിയുടെ അച്ഛനും രക്ഷിതാക്കളും ഈ നാട്ടുകാരും 'ഇത് കൊലപാതകമാണെന്നും അന്വേഷിക്കണം' എന്നും ഗവൺമെന്റിനോടും പോലീസിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കേസ് ഒതുക്കിത്തീർക്കാനും കൊലപാതകത്തെ ആത്മഹത്യയാക്കി മാറ്റാനും വേണ്ടി ശ്രമിക്കുന്ന ചില സംഘങ്ങൾ മലപ്പുറംജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. അവർ ഇത് കൈകാര്യം ചെയ്ത കുറ്റവാളികളെ രക്ഷപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് ഈ ഹരിജനങ്ങൾക്ക് ബലമായ സംശയമുണ്ട്. നാളതുവരെ ഇതിനെക്കുറിച്ച് അന്വേഷിച്ച് ഒരു നടപടിയും എടുത്തിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. 12-10-1986-ലാണ് ഈ സംഭവം നടന്നതെങ്കിലും ഇതുവരെ അന്വേഷിക്കുകയോ, ആരാണ് കുറ്റക്കാരെന്ന് കണ്ടുപിടിക്കുകയോ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഹരിജനങ്ങളായ പെൺകുട്ടികളെ ആരെങ്കിലും ബന്ധപ്പെട്ട് കൊലപ്പെടുത്തുകയും അതിനെ ആത്മഹത്യയാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്യുന്ന ഇത്തരം നടപടികളിൽ നിന്നും അവരെ പിൻതിരിപ്പിക്കാൻ കഴിയണം. അതുകൊണ്ട് നിഷ്പക്ഷമായി അന്വേഷണം നടത്തി കുറ്റക്കാരെ വെളിച്ചത്തു കൊണ്ടുവന്ന് അവരുടെ പേരിൽ നടപടിയെടുക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 10-10-1986-ന് വൈകുന്നേരം അഞ്ചുമണിക്കാണ് ആ സ്ത്രീ തൂങ്ങിനിൽക്കുന്ന നിലയിൽ കാണപ്പെട്ടത്. അതിനെത്തുടർന്ന് ശവം ഇൻക്വസ്റ്റ് കഴിഞ്ഞ് പോസ്റ്റ്മാർട്ടം നടത്തി. ആ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ തൂങ്ങിമരിച്ചതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. അതുകൊണ്ട് അൺനാച്വറലായി കേസ് രജിസ്റ്റർ ചെയ്തെങ്കിലും തൂങ്ങി മരിച്ചതായിട്ട് പോസ്റ്റ്മാർട്ടം റിപ്പോർട്ട് കിട്ടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഭർത്താവിനെ കുറ്റവാളിയാക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് കൂടുതൽ അന്വേഷണം നടത്തി എന്തെങ്കിലും തെളിവുകളുണ്ടെങ്കിൽ സഹായകമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly